# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4082
# 12/11/2019 ലെ മറുപടിക്ക്

**<u>പ്രാദേശിക വികസന ഫണ്ട് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾ</u>**

| | ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ഭരണാനുമതി ലഭ്യമാക്കുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് നടത്താവുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ നിലവിലെ മാർഗരേഖയായ 29.12.2017 ലെ സ.ഉ(അ)നം .161/2017/ധന ഉത്തരവിലെ ഖണ്ഡിക 3.13(i) പ്രകാരം എം.എൽ.എ എസ്.ഡി.എഫ് ന് കീഴിൽ ശുപാർശ ചെയ്യുന്ന 50,000/- രൂപ വരെയുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന ടെണ്ടറില്ലാതെ നടപ്പിലാക്കാവുന്നതാണ്. ഖണ്ഡിക 3.13(ii) പ്രകാരം 50,000 രൂപയ്ക്ക് മുകളിൽ 5 ലക്ഷമോ അതിന് താഴെയോ ഉള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേനയോ സാധാരണ ടെണ്ടറിംഗിലൂടെയോ നടത്താവുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | 29.12.2017 ലെ സ.ഉ(അ)നം.161/2017/ധന ഉത്തരവിന്റെ പകർപ്പ് www.finance.kerala.gov.in എന്ന സൈറ്റിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ